<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 954**</u> <u>**07-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ലാൻഡ് ബാങ്ക് പദ്ധതി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ചാപ്പാ കടപ്പുറത്ത് താമസിക്കുന്ന പതിമൂന്ന് പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള, വകുപ്പിന്റെ ലാൻഡ് ബാങ്ക് പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | ചാപ്പ കടപ്പുറത്തെ 13 പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വകുപ്പിന്റെ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 32.10 ആർ വസ്തു കണ്ടെത്തുകയും, ജില്ലാതല പർച്ചെയ്സ് കമ്മിറ്റി വില അംഗീകരിച്ച് പ്രഫോർമ റിപ്പോർട്ട് ജില്ലാകളക്ടർ മുഖേന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടറുടെ 7.6.2022- ലെ ഡി.സി.ഇ.കെ.എം/2767/2019/എൽ-16 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | **സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയ്ക്ക് പ്രൊഫോർമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത പദ്ധതിയിലേക്ക് മേൽ റിപ്പോർട്ടിൽ നിർദേശിച്ചിട്ടുള്ള സ്ഥലം വാങ്ങുന്നതിന് സ്റ്റേറ്റ് ലെവൽ പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് അംഗീകാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | **അംഗീകാരം ലഭ്യമായിട്ടില്ല.** |

സെക്ഷൻ ഓഫീസർ